# Bulletin
# DIOCESE OF HOSUR



Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600 023
E-mail: hosurdiocese@gmail.com



Patron

Mar Sebastian Pozholiparamibil
Bishop of Hosur

November 2018

Chief Editor
Fr. Arun Chakkalackal
Mob. 9840386758


## ഉള്ളടക്കം


ഇടയശബ്ദം....................................2

ലോഗോസ് ക്വിസ്സ് റാങ്ക് ലിസ്റ്റ്.....3

സർക്കുലർ (കെസിബിസി).........4

സർക്കുലർ...................................11

കച്ചേരികാര്യങ്ങൾ.....................13

ഇടയന്റെ ഇന്നലകൾ.................15

ഇടയന്റെ നാളകൾ.....................15

## ഇടയശബ്ദം



മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

നവംബർ മാസം ആഗതമായി, **നവംബർ 2**, രണ്ടു കാര്യങ്ങളിലേക്കാണ് നമ്മുടെ ശ്രദ്ധതിരിക്കുക. ഒന്ന്, മരിച്ചുപോയ നമ്മുടെ പൂർവ്വികരെ ഓർത്തു പ്രാർത്ഥിക്കാൻ; രണ്ട്, നമ്മുടെ മരണത്തെ ഓർത്ത് ജീവിതം ക്രമീകരിക്കുവാൻ.

നമ്മെ നാമാക്കി തീർത്ത നമ്മുടെ പൂർവ്വികരെ ഓർത്ത് പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്. അവരുടെ ജീവിതകാലത്ത് വന്നുപോയ പോരായ്മകൾക്ക് മാപ്പുകൊടുത്ത് നിത്യസൗഭാഗ്യ ത്തിലേക്ക് അവർ ചേർക്കപ്പെടുവാൻ നമ്മുടെ പ്രാർത്ഥനകൾ സഹായകമായിരിക്കും. നമുക്കുവേണ്ടി വളരെയേറെ കഷ്ടപ്പെട്ട് നമ്മെ നാമാക്കി മാറ്റിയ അവരെ നന്ദിയോടെ ഓർത്ത് അവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

രണ്ടാമതായി നമ്മുടെ തന്നെ മരണത്തെക്കുറിച്ച് ഓർത്ത് നമ്മുടെ ജീവിതത്തിലെ പോരായ്മകൾ ഇല്ലായ്മ ചെയ്ത് സ്വർഗ്ഗോന്മുഖരായി ജീവിക്കാൻ ഈ നവംബർ മാസം നാം ശ്രദ്ധിക്കണം. “ ഇന്നു ഞാൻ നാളെ നീ” എന്ന ചൊല്ല് നമുക്കു മറക്കാതിരിക്കാം. രാത്രി ഉറങ്ങാൻ കിടക്കുന്ന ഒരു കുട്ടി അവന്റെ അമ്മയോടു പറഞ്ഞു: “ അമ്മേ ഞാൻ രാത്രിയെങ്ങാൻ ഉറക്കത്തിൽ മരിച്ചുപോയാലോ ? എനിക്കു പേടിയാകുന്നു”. ഉടനെ അമ്മയുടെ പ്രതികരണം: “ ചീത്ത കാര്യങ്ങൾ ചിന്തിക്കാതെ പോയി കിടന്നുറങ്ങെടാ”. മരണത്തെക്കുറിച്ചുള്ള ചിന്ത ചീത്ത ചിന്തയല്ല; അതു നല്ല ചിന്തയാണ്. കാരണം ഈശോ മരണത്തെ കുരിശിൽ കീഴടക്കി; അവിടുന്ന് ഉത്ഥാനം ചെയ്തു. മരണത്തിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ കാൽവരിയിലെ കുരിശിലേക്ക് തന്നെ നോക്കണം. ക്രൂശിതനായവൻ മരണത്തെ കീഴടക്കി ഉത്ഥിതനായി.

നിരാശ പകരുന്ന മരണത്തെ ഈശോ പ്രത്യാശയുടെ കവാടമാക്കി മാറ്റി. അതുകൊണ്ടാണല്ലോ പൗലോസ്ശ്ലീഹാ പറയുന്നത്: “ എനിക്കു മരണം നേട്ടമാണ്” എന്ന്. എന്നാൽ പൗലോശ്ലീഹ കൂട്ടിച്ചേർക്കുന്നുണ്ട്, ജീവിതം ക്രിസ്തുവായതുകൊണ്ടാണ് തനിക്ക് മരണം നേട്ടമാകുന്ന തെന്ന്. നമ്മുടെ ജീവിതവും ഇതുപോലെയാകണം അതായത് മറ്റൊരു ക്രിസ്തുവിനെപ്പോലെ ജീവിതം ക്രമപ്പെടുത്തികൊണ്ട് നമുക്കും മരണത്തെ

നേട്ടമാക്കാൻ ഒരുങ്ങാം. വാക്കിലും പ്രവൃത്തിയിലും എടുപ്പിലും നടപ്പിലും ക്രിസ്തുമുഖം നമ്മിൽ ദർശിക്കുവാൻ മറ്റുള്ളവർക്ക് ഇടവരട്ടെ. അപ്പോൾ നമുക്കും പൗലോസ് ശ്ലീഹായെപ്പോലെ മരണം നേട്ടമാകും.

ഈ നവംബർ മാസം മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയുടെയും നമ്മുടെ ജീവിതവിശുദ്ധീകരണത്തിന്റെയും ഒരു മാസമാക്കി നമുക്ക് മാറ്റാം. നമ്മിൽ നിന്ന് മൺമറഞ്ഞുപോയ അഭിവന്ദ്യ മാർ ജയിംസ് പഴയാറ്റിൽ പിതാവിന്റെ പാവനസ്മരണക്ക് മുന്നിൽ ആദരാഞ്ജലികൾ

അർപ്പിച്ചുകൊണ്ടും പൂനമല്ലി ഇടവക വികാരിയായിരുന്ന ബഹു. ജോൺസൻ പനച്ചിക്കൽ അച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടും സ്നേഹപൂർവ്വം.

നിങ്ങളുടെ സ്നേഹപിതാവ്

. മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

## LOGOS QUIZ-2018 Diocese Level Toppers

| Group | Rank | Name | Church | Mark |
|---|---|---|---|---|
| A | 1 | Catherine S. Zachariah | Noothenchery | 90 |
| | 2 | Delrose Maria James | Noothenchery | 87 |
| | 3 | Emmanuel Joshy | ambathur | 78 |
| B | 1 | C J Anabel, Chiramel | Ayanavaram | 89 |
| | 2 | Catherine Rose George | Neelankarai | 81 |
| | 3 | Joshua Joseph, | Poonamalle | 79 |
| C | 1 | Anumol Joseph | Mount | 93 |
| | 2 | SONIYA DERIK | Avadi | 89 |
| | 3 | Rosia John, | Thiruvattiyur | 88 |
| D | 1 | Siji Soji | Perambur | 91 |
| | 2 | Nimitha shine | Noothenchery | 90.9 |
| | 3 | Thomaskutty Joseph | Neelankarai | 90.6 |
| E | 1 | Joseph C Enokkaran | ambathur | 91.9 |
| | 2 | Elizabeth Varghese | Mogapair | 91.6 |
| | 3 | Molly John | Thiruvattiyur | 84 |
| F | 1 | Annie Thomas, | Neelankarai | 82 |
| | 2 | Sr. Maria Rose CHF | keelkatle | 81 |
| | 3 | Valsa Arimpally | Valsaravakkam | 80 |

Ref: 3150/K-5/KCBC/OL/DS

9.10.2018

**2018 ഡിസംബർ 30 ബൈബിൾ ഞായർ**

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്.

യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നു് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നു്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നു്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴു

ന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവ വചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചന ശുശ്രൂഷയുടെ മുഖ്യ ധർമ്മമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദു രന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ള ത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസ കേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെ ന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശി ച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തി ക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യ മായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്ത ങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവി ലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമ നുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരി ക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവി ശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠ നബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ

അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

NB: 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**അഭിവന്ദ്യ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ** പിതാവിനു മെത്രാഭിഷേക ദിനാശംസകൾ **(നവംബർ 22)**. അഭിവന്ദ്യ പിതാവിനും ഹൊസൂർ രൂപതയ്ക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.



Ref. 67/18 05-03-2018

# സർക്കുലർ

ഈശോയിൽ പ്രിയ വൈദികരെ, സന്യാസിനീ സന്യാസികളെ, പ്രിയ മക്കളെ,

മാതാവിന്റെ പ്രത്യേക മദ്ധ്യസ്ഥതയാൽ രൂപം കൊണ്ട രൂപതയാണ് ഹൊസൂർ രൂപത. തമിഴ്നാട്ടിലെ അമ്മമാർ ഒരു ലക്ഷം ജപമാല ചൊല്ലി രൂപം കൊടുത്ത ഈ രൂപതയുടെ പ്രഥമ വാർഷികം നടക്കുന്ന അവസരത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയാൽ എല്ലാവരുടെയും സഹകരണത്തോടെ വളരെ ഭംഗിയായി രൂപതയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുവെന്ന് കാണുന്നതിൽ വളരെയേറെ സന്തോഷമുണ്ട്.

ജപമാലയുടെ ശക്തി പ്രത്യേകമായി എടുത്തു പറയേണ്ടതുണ്ട്. ഹൊസൂർ രൂപത രൂപം കൊണ്ടതിനുശേഷം ആരിൽ നിന്നും തന്നെ ഒരു എതിർപ്പുമുണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പരി. അമ്മയുടെ മാദ്ധ്യസ്ഥതയാൽ രൂപം കൊണ്ട രൂപതയിൽ സമർപ്പിതരും അല്മായരും കൈകോർത്തുള്ള പരിശ്രമംകൊണ്ട് രൂപതാപ്രവർത്തനങ്ങൾ അതിവേഗം മുന്നോട്ടു പോകുവാൻ സാധിച്ചുവെന്നതും സന്തോഷമുളവാക്കുന്നു. 500 കി. മീ. വിസ്തൃതിയിൽ നീണ്ടു കിടക്കുന്ന ഈ രൂപതയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ അനേകം അല്മായർ സമർപ്പണബുദ്ധിയോടെ അത്യദ്ധ്വാനം ചെയ്യുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. കുടുംബങ്ങൾ കേന്ദ്രീകരിച്ചും കുടുംബസമ്മേളനങ്ങൾ കേന്ദ്രീകരിച്ചും 25 ഇടവകകൾ കേന്ദ്രീകരിച്ചും യുവജനങ്ങളിലൂടെയും ഭക്തസംഘടനകളിലൂടെയും വളരെയേറെ കാര്യങ്ങൾ ഈ വർഷം ചെയ്യാൻ സാധിച്ചു. അവശരെ സഹായിക്കുവാൻ എളിയവരിൽ ഈശോയെ കണ്ട് പ്രായവ്യത്യാ സമെന്യേ എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു. പ്രളയദുരന്ത ത്തിൽ അകപ്പെട്ട കേരളജനതക്ക് അതിജീവനത്തിനായി 50 ലക്ഷത്തിൽപരം രൂപയും ധാരാളം വസ്തുക്കളും ശേഖരിച്ച് നല്കാൻ കഴിഞ്ഞുവെന്നതും അഭിനന്ദനമർഹിക്കുന്നു. പ്രഥമവർഷത്തിൽ തന്നെ മൈനർ സെമിനാരി ആരംഭിക്കുവാൻ കഴിഞ്ഞതും കേരളത്തിൽ കല്ലേറ്റുംകരയിൽ രൂപതയ്ക്കായി 'ഒരു മിഷൻ ഹൗസ്' – ഹൊസൂർ ഭവന് രൂപം കൊടുത്തതും

തിരുവട്ടിയൂർ, വേളാച്ചേരി എന്നിവടങ്ങളിൽ പുതിയ ദേവാലയങ്ങൾ കൂദാശ ചെയ്യുവാൻ സാധിച്ചതും ഹൊസൂരിൽ സ്വന്തം സ്ഥലവും ദേവാലയവും ഉണ്ടായതും വലിയ ദൈവാനുഗ്രഹമായി കാണുന്നു.
വികാരി ജനറാളായിരുന്ന ഡോ. ജോസ് ഇരിമ്പനച്ചന്റെ നേതൃത്വത്തിലും ഇപ്പോൾ വികാരി ജനറാളച്ചന്മാരായിരിക്കുന്ന മോൺ. ജോസ് മാളിയേക്കൽ, മോൺ ഡോ. വർഗീസ് പെരേപ്പാടൻ എന്നിവരുടെ നേതൃത്വത്തിലും വൈദികരും സന്യസ്തരും ഉൾച്ചേർന്ന് രൂപതയുടെ വികസന പ്രവർത്തനങ്ങൾ അതിവേഗം നടത്തുന്നു, രൂപതയിലെ ഇനിയും കണ്ടെത്താനുള്ള ഭവനങ്ങൾ കണ്ടെത്താനുള്ള പ്രവർത്ത നങ്ങൾ നടക്കുന്നു. ഫൊറോന കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും ഏകോപനവും നടക്കുന്നു.
ഹൊസൂർ രൂപത സ്വപനം കണ്ട് പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത അഭിവന്ദ്യ മാർ ജയിംസ് പഴയാറ്റിൽ പിതാവിനെയും അതുപോലെ ഇപ്പോൾ രൂപതയ്ക്ക് ആവശ്യമായ വൈദികരെയും ഒപ്പംതന്നെ സാമ്പത്തികമായ സഹായങ്ങളും നൽകി സഹായിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനെയും ഇരിങ്ങാലക്കുട രൂപതയെയും നന്ദിയോടെ ഓർക്കുന്നു.
12 വർഷത്തോളം രൂപതയ്ക്കുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച് ഈ ലോകത്തോട് വിട പറഞ്ഞ ബഹു. ഫാ. ജോൺസൺ പനച്ചിക്കൽ സി. എം. ഐ അച്ചന് നിത്യശാന്തി നൽകണമേയെന്ന് ഈയവസരത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു.
സെപ്തംബർ മാസം ആദ്യം ബിഷപ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാമിനു പോയപ്പോൾ മാർപാപ്പയെ കാണാനും രൂപതയെക്കുറിച്ച് സംസാരിക്കാനും സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നു. മാർപാപ്പയുടെ ആഗ്രഹത്തോട് ചേർന്ന് തോമാശ്ലീഹായുടെ വിശ്വാസപാരമ്പര്യം സംരക്ഷിക്കാനും അടുത്ത തലമുറക്ക് കൈമാറാനും നാം പ്രതിജ്ഞാബദ്ധരാകണം. തമിഴ്നാട്ടിലെ അഞ്ച് ലത്തീൻ രൂപതയ്ക്കുള്ളിലെ എല്ലാ സീറോ മലബാർ കുടുംബങ്ങൾക്കുവേണ്ടിയാണ് നമ്മുടെ രൂപത സ്ഥാപിക്കപ്പെട്ടതെന്ന ബോധ്യം ഉൾക്കൊണ്ട് ഇനിയും രൂപതയിൽ ചേരാതെ നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്താനും സ്നേഹത്തോടെ അവരെ ചേർത്തുനിർത്താനുമുള്ള ഒരു തീവ്രശ്രമമാണ് നമ്മൾ ഇനി നടത്തേണ്ടത്.
പ്രഥമവാർഷികത്തോടനുബന്ധിച്ച് ഗുണകാംക്ഷികളുടെ സമ്മേളനം

നവംബർ 21 നും സമർപ്പിതസംഗമവും നേതൃയോഗവും നവംബർ 22 നും രൂപതാതലസംഗമം നവംബർ 25 നും നടക്കുന്നു. ആഘോഷപരിപാടികളിലേക്ക് എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു. പ്രത്യേകിച്ച് നവംബർ 25 ഞായറാഴ്ച 10 മണിക്ക് നൂത്തഞ്ചേരി സെന്റ് ആന്റണീസ് കത്തീഡ്രൽ, പള്ളിയിൽ വെച്ചു നടക്കുന്ന കൃതഞ്ജതാബലിയിലേക്കും തുടർന്നുള്ള സ്നേഹവിരുന്നിലേക്കും എല്ലാവരെയും ക്ഷണിക്കുന്നു.

ബിഷപ്സ് ഓഫീസ് — മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ
02 - 11 - 2018 — ഹൊസൂർ രൂപതാ മെത്രാൻ

NB: ഈ സർക്കുലർ 2018 നവംബർ 18 ാം തിയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## കച്ചേരികാര്യങ്ങൾ

### I. ഓർമിക്കേണ്ട ദിവസങ്ങൾ

**നവംബർ**

1 : സകല വിശുദ്ധരുടെയും തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മത്തിരുന്നാൾ
4 : പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ
11 : പള്ളിക്കൂദാശാക്കാലം രണ്ടാം ഞായർ
18 : പള്ളിക്കൂദാശാക്കാലം മൂന്നാം ഞായർ
21 : മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശന തിരുനാൾ
22 : രൂപതാദിനം
25 ; പള്ളിക്കൂദാശാക്കാലം നാലാം ഞായർ
: മിശിഹായുടെ രാജത്വത്തിരുന്നാൾ
30 : വി. ആൻഡ്രൂസ്

### II. APPOINTMENTS

**Rev. Fr. Thomas Thykkoottathil M.S.T.:** Priest in-charge of Syro Malabar Catholics in and around Mannivakkam area of the Diocese of Hosur.

**Rev. Fr. Sabu Njarolickal M.S.T:** Defender of Bond in the Eparchial Tribunal, Spiritual Director St. James Minor Seminary also.

**Very Rev. Fr. Jaju Elamkunnapuzha:** Promoter of Justice in the Eparchial Tribunal also.

**Rev. Fr. Feby Pulickan:** Vicar, St. Alphonsa's Syro Malabar Catholic Church, Kodambakkam, Chancellor of the Diocese of Hosur, Member of the College of Consultors, Judicial Vicar of the Eparchial Tribunal, in-charge of Religious, Diocesan Director of Liturgy and Choir, Member of Finance Council and Diocesan Planning Committee.

**Rev. Fr. Nijo Pallai**: Member of the College of Consultors of the Dioces of Hosur also.

**Rev. Fr. Arun Chakkalakkal:** Notary in the Eparchial Tribunal & Asst. PRO of the Diocese of Hosur also.

**Rev. Fr. Rinto Thekkineth:** Manager, St. Thomas Liturgical Centre, Diocese of Hosur also.

**III. RELIEVING ORDERS**

**Rev. Msgr. Varghese Pereppadan:** Relieved from the office of Chancellor of the Diocese of Hosur.

**Very Rev. Fr. Andrews Maliekal:** Relieved from all the offices in the Diocese of Hosur.

**Rev. Fr. Savio Payyapilly:** Relieved from the office of Asst. Public Relations Officer of the Diocese of Hosur.

**Rev. Fr. Jijo Chakkiath:** Relieved from the office of Director of Choir and Liturgy of the Diocese of Hosur.

**IV. വൈദികരുടെ മാസധ്യാനം**: ഈ മാസത്തെ വൈദികരുടെ മാസധ്യാനം ഫൊറോന തലത്തിൽ ആയിരിക്കും.

**V. രൂപതാദിനം** : നവംബർ 22 വ്യാഴം രൂപതാദിനമാണ്. ദൈവം നല്കിയ ഹൊസൂർ രൂപതയെയും മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിനെയും ഓർത്ത് ദൈവത്തിന് നന്ദി പറയുകയാം. രൂപതാദിനത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന എല്ലാ പരിപാടികളിലേക്കും നിങ്ങളെല്ലാവരുടേയും പ്രാർത്ഥനയും ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

**VI. ക്രിസ്തുമസ്സ് നോമ്പ്:** നവംബർ 30 പാതിരാരാത്രി മുതൽ 25 നോമ്പ് ആരംഭിക്കുന്നു. വിവാഹാഘോഷങ്ങൾക്കു മുടക്ക്.

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചെല്ലൂസ്

## ഇടയന്റെ ഇന്നലകൾ

ഒക്ടോബർ 1–18, 22–31 രൂപതയിലെ എല്ലാ ഇടവകകളും സന്ദർശിക്കുകയും ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം കൊടുക്കുകയും ചെയ്തു

ഒക്ടോബർ 19 : പൂനമല്ലി ക്രൈസ്റ്റ് ദി കിംങ് പള്ളിയിൽ വെച്ച് നടന്ന മതബോധന വിദ്യാർത്ഥികൾക്കായുള്ള കൾച്ചറൽ ഫെസ്റ്റിൽ സമാപന സന്ദേശം നൽകി

ഒക്ടോബർ 20 : പൂനമല്ലി ക്രൈസ്റ്റ് ദി കിംങ് പള്ളിയിൽ വെച്ച് നടന്ന ഫാ. ജോൺസൻ പനച്ചിക്കൽ സി. എം. ഐ അച്ചന്റെ മൃതശരീരത്തിനു മുമ്പിൽ വി. ബലിയർപ്പിച്ചു

ഒക്ടോബർ 21: പാലക്കാട് ദേവമാതാ ആശ്രമ ദേവാലയത്തിൽ വെച്ചു നടന്നഫാ. ജോൺസൻ പനച്ചിക്കൽ സി. എം. ഐ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

## ഇടയന്റെ നാളകൾ

നവംബർ 1 : പെരമ്പൂർ, ഫൊറോന മീറ്റിംങ്
നവംബർ 3 : പെരമ്പൂർ, ശ്രാദ്ധം
നവംബർ 7 – 14 : കോടമ്പാക്കം, ഭവനസന്ദർശനം
നവംബർ 10, 11 : നീലാങ്കരെ, ഭവനസന്ദർശനം – പാസ്റ്ററൽ വിസിറ്റ്
നവംബർ 15 – 16 : വത്സരവാക്കം, ഭവനസന്ദർസനം
നവംബർ 17 : പൂനമല്ലി. ഫാ. ജോൺസൻ പനച്ചിക്കൽ അനുസ്മരണ ബലി
നവംബർ 21 : അയനാവരം 'ബെനഫാക്ടേഴ്സ്' മീറ്റിംങ്
നവംബർ 22 : അയനാവരം, സമർപ്പിതസംഗമം, രൂപതാദിനാഘോഷങ്ങൾ
നവംബർ 25 : നൂത്തഞ്ചേരി, ആഘോഷമായ കൃതജ്ഞതാബലി
നവംബർ 26– 29 : തൃശ്ശൂർ, മെത്രാന്മാരുടെ മാസധ്യാനം

### ഹൊസൂർ രൂപതാ പ്രഥമവാർഷികവും മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ദിനാചരണവും

**നവംബർ 21** : വൈകുന്നേരം 6 മണി മുതൽ രൂപതയുടെ ഉപകാരികളുടെയും സഹായികളുടെയും ഒത്തുചേരൽ.

**നവംബർ 22** : രാവിലെ10. 30 നു രൂപതയിലെ എല്ലാ സമർപ്പിതരുടെയും സംഗമം

വൈകുന്നേരം 6. 00 മണിക്ക് **രൂപതാദിനാഘോഷം**

**ഉദ്ഘാടനം : മാർ പോളി കണ്ണൂക്കാടൻ**
(ഇരിങ്ങാലക്കുട രൂപത മെത്രാൻ)

**അദ്ധ്യക്ഷൻ : മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**
(ഹൊസൂർ രൂപത മെത്രാൻ)

(പങ്കെടുക്കേണ്ടവർ : രൂപതയിലെ വൈദികർ, സമർപ്പിത സമൂഹാംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക കൈക്കാരന്മാർ, കുടുംബ സമ്മേളന പ്രസിഡന്റുമാർ, സംഘടനാ പ്രസിഡന്റുമാർ, സംഘടനകളുടെ രൂപതാതല ഭാരവാഹികൾ).

**നവംബർ 25 : രാവിലെ 10. 30ന് ആഘോഷമായ കൃതജ്ഞതാബലി**
(സെന്റ് ആന്റണീസ് കത്തീഡ്രൽ, നൂത്തൻഞ്ചേരി)
**പൊതുസമ്മേളനം**
**മതബോധന കൾച്ചറൽ ഫെസ്റ്റ് സമ്മാനദാനം**
**സ്നേഹവിരുന്ന്**

(പങ്കെടുക്കേണ്ടവർ : രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിശ്വാസികളും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും)

## Kerala Flood Relief Collection
Msgr. Varghese Pereppadan, Finance Officer

| No. | PARISH | PLACE | AMOUNT |
|---|---|---|---|
| 1 | St. Thomas Forane Church | Ayanavaram | 5,10,000.00 |
| 2 | Holy Cross Forane Church | Mugappair | 3,39,600.00 |
| 3 | St. Thomas Church | St. Thomas Mount | 3,00,020.00 |
| 4 | Infant Jesus Church | Pattabiram | 77,000.00 |
| 5 | St. Mother Theresa Church | Velachery | 27,800.00 |
| 6 | St. Mary's Church | Athipet | 1,06,000.00 |
| 7 | St. Joseph's Forane Church | Perambur | 4,07,950.00 |
| 8 | St. Sebastian Church | Ottery | 1,17,200.00 |
| 9 | St. Alphonsa Church | Kodambakkam | 1,56,890.00 |
| 10 | St. Antony's Church | Noothenchery | 5,00,000.00 |
| 11 | Divine Mercy Church | Ambathur | 3,00,000.00 |
| 12 | St. Thomas Church | Jaya Nagar, Pondicherry | 35,000.00 |
| 13 | St. Alphonsa Church | Pozhichelloor | 3,10,300.00 |
| 14 | St. Thomas Church | Vellore | 26,100.00 |
| 15 | St. Thomas Church | Koilpathagai | 50,000.00 |
| 16 | St. Thomas Church | Hosur | 55,000.00 |
| 17 | St. Thomas Parish | Mylapore | 1,06,340.00 |
| 18 | St. Peter's Church | I. A. F. Avadi | 1,43,000.00 |
| 19 | Sacred Heart Church | Keelkattalai | 2,00,000.00 |
| 20 | St. George Church | Ernavoor | 32,700.00 |
| 21 | Christ the King church | Poonamallee | 4,62,500.00 |
| 22 | St. Jude Church | Thiruvottiyur | 1,51,600.00 |
| 23 | St. Camillus Church, | Neelankarai | 3,05,916.00 |
| 24 | Little Flower Church | Valsaravakkam | 2,00,000.00 |
| 27 | School | Athipet | 50,000.00 |
| 28 | School & Convent | Veppampattu | 50,000.00 |
| 29 | School & Convent | I.A.F. Avadi | 15,000.00 |
| 30 | School | Keelkattalai | 50,000.00 |
| 31 | Convent | Pondichery | 15,000.00 |
| 32 | Priests of the diocese | | 1, 52,000.00 |
| 33 | Others | | 40,170.00 |
| | **Total** | | **52,93,086.00** |